**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6020 04.07.2019-ൽ മറുപടി നല്കേണ്ടത്

**ദേശീയ നൈപുണ്യ വികസന (എൻ.എസ്.ക്യൂ.എഫ്.)പദ്ധതി**

| ചോദ്യം<br><br>ശ്രീ.കെ.സി. ജോസഫ് | | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ദേശീയ നൈപുണ്യ വികസന പദ്ധതിയായ എൻ.എസ്.ക്യു.എഫ് നടപ്പിലാക്കിയതോടുകൂടി പരമ്പരാഗത വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് കുട്ടികൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | ഈ വർഷം എത്ര സ്കൂളുകളിലാണ് എൻ.എസ്.ക്യു.എഫ്.പദ്ധതി നടപ്പിലാക്കിയത്; | (ബി) | 35 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ. |
| (സി) | സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഭാവിയിൽ എൻ.എസ്.ക്യു.എഫ്. പഠിക്കാത്ത കുട്ടികൾക്ക് തൊഴിലധിഷ്ഠിത ജോലികൾക്ക് അപേക്ഷിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുമോ; വിശദമാക്കാമോ; | (സി) | നിലവിൽ അത്തരം സാഹചര്യമില്ല. |
| (ഡി) | കുട്ടികൾ കുറഞ്ഞ പരമ്പരാഗത വി.എച്ച്.എസ്.ഇ. കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളെ മറ്റ് കോഴ്സുകളിലേക്ക് മാറ്റണമെന്ന നിർദ്ദേശം വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള സർക്കാർ നിലപാട് എന്താണ്; വ്യക്തമാക്കാമോ; | (ഡി) | ഇല്ല |
| (ഇ) | എൻ.എസ്.ക്യു.എഫ്. നടപ്പിലാക്കുമ്പോൾ വി.എച്ച്.എസ്.ഇ.യിൽ അധികമാകുന്ന പരമ്പരാഗത കോഴ്സുകൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ എപ്രകാരം സംരക്ഷിക്കുവാനാണ് എൻ.എസ്.ക്യു.എഫ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | (ഇ) | എൻ.എസ്.ക്യു.എഫ്. പാഠ്യപദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 101 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കൻഡറി സ്കൂളുകളിൽ മാത്രമാണ് ടി പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.<br>നിലവിൽ അദ്ധ്യാപകരെ പുനർവിന്യസിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല. മാത്രവുമല്ല ടി പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ വൊക്കേഷണൽ അധ്യാപകരെ തല്ക്കാലം നിയമിക്കേണ്ടായെന്ന് സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും പി.എസ്.സിക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ